**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 820** **17-09-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം കേന്ദ്രീകരിച്ച് ലോജിസ്റ്റിക് സ് ടൗൺഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഭാഗമായി റയിൽവേ, റോഡുകൾ എന്നിവ പൂർത്തിയാകുന്നതോടെ ചരക്കുഗതാഗത മേഖലയിൽ പ്രതീക്ഷിക്കുന്ന വളർച്ച എത്രത്തോളമാണ്; വിശദമാക്കുമോ; | (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ഒന്നാം ഘട്ടത്തിന്റെ സ്ഥാപിത ശേഷി പ്രതിവർഷം 10 ലക്ഷം TEU ആണ്. തുടർ ഘട്ടങ്ങൾ കൂടി പൂർത്തിയാകുന്ന തോടുകൂടി തുറമുഖത്തിന്റെ സ്ഥാപിത ശേഷി പ്രതിവർഷം 30 ലക്ഷം TEU കണ്ടെയ്നറുകളായി ഉയരുന്നതാണ്. പ്രസ്തുത കണ്ടെയ്നർ നീക്കത്തിന്റെ 16 ശതമാനം ഗേറ്റ് വേ ചരക്കുനീക്കത്തിലൂടെ (റോഡ്, റെയിൽ മുഖേന) ആയിരിക്കുമെന്ന് അനുമാനിക്കുന്നു. ഈ 16 ശതമാനത്തിന്റെ, 30 ശതമാനത്തോളം ചരക്കുനീക്കം റെയിൽ മാർഗവും ബാക്കി 70 ശതമാനം റോഡ് മാർഗ്ഗേനയുമാണ് നടക്കുകയെന്ന് പ്രതീക്ഷിക്കുന്നു.<br><br>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം പൂർണ്ണ ശേഷി കൈവരിക്കുന്നതോടു കൂടി കേരളത്തിൽ വലിയ തോതിലുള്ള വാണിജ്യ-വ്യാവസായിക വളർച്ചയുണ്ടാകുന്നതിനുള്ള സാധ്യതയുണ്ട്. ഇതിനായി ക്രിയാത്മകമായ പല പദ്ധതികൾക്കും സർക്കാർ രൂപം നൽകി വരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഔട്ടർ ഏര്യ ഗ്രോത്ത് കോറിഡോർ, ഔട്ടർ റിംഗ് റോഡ്, വിഴിഞ്ഞം-കൊല്ലം-പുനലൂർ വളർച്ചാ ത്രികോണം മുതലായവ യുദ്ധകാലാടിസ്ഥാനത്തിൽ യാഥാർത്ഥ്യമാക്കി തുറമുഖ നിർമ്മാണം മൂലമുള്ള നേട്ടങ്ങൾ പരമാവധി ഈ മേഖലയിൽ പ്രയോജനപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനായുള്ള പ്രാഥമികാനുമതികളും നൽകിക്കഴിഞ്ഞു.<br><br>വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയാണ് NHAI യുമായി ചേർന്ന് ഔട്ടർ റിംഗ് റോഡ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ റോഡുകൾക്കിരു വശങ്ങളിലുമായി 2.5 കിലോമീറ്റർ പ്രദേശം വിവിധങ്ങളായ വ്യവസായവും വാണിജ്യശാലകളും |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കപ്പെടുന്നതോടു കൂടി തിരുവനന്തപുരത്തിന്റെ മുഖഛായ തന്നെ മാറ്റുന്ന ബൃഹത് പദ്ധതിയാണിത്. |
| (ബി) | ചരക്കുഗതാഗത മേഖലയിൽ പ്രതീക്ഷിക്കുന്ന വളർച്ചയുടെ ഫലമായി വിഴിഞ്ഞം ജനതയുടെ തൊഴിലവസരങ്ങളും ജീവിത നിലവാരവും എത്രമാത്രം അഭിവൃദ്ധിപ്പെടുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനത്തിലൂടെ വിഴിഞ്ഞം ജനതയുടെ തൊഴിലവസരങ്ങളും ജീവിത നിലവാരവും അഭിവൃദ്ധിപ്പെടുന്നത് സംബന്ധിച്ചുള്ള വിലയിരുത്തലുകൾ നടത്തിയിട്ടില്ല.<br><br>തുറമുഖ നിർമ്മാണ സമയത്ത് നേരിട്ടുണ്ടാകുന്ന തൊഴിലവസരങ്ങളിൽ അർഹതയുള്ള തദ്ദേശീയരെയും കൺസഷണയറായ AVPPL നിലവിൽ പരിഗണിച്ചു വരുന്നുണ്ട്. തുറമുഖ നിർമ്മാണ പൂർത്തീകരണത്തിനു ശേഷം തുറമുഖത്തിന്റെ പ്രവർത്തന കാലയളവിലും മേഖലയിൽ വലിയ തോതിൽ നേരിട്ടും അല്ലാതെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതാണ്. തുറമുഖം യാഥാർത്ഥ്യമായതോടുകൂടി നിരവധി തുറമുഖാധിഷ്ഠിത തൊഴിൽ സാധ്യതകൾ കൂടി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ലോജിസ്റ്റിക് പാർക്കുകൾ, ഹോട്ടൽ അനുബന്ധ സേവന മേഖല, ടൂറിസം മേഖല മുതലായവയിൽ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതാണ്. വിവിധ തൊഴിലുകളിൽ തൊഴിലന്വേഷകരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായി ASAP ന്റെ നൈപുണ്യ പരിശീലന കേന്ദ്രം വിഴിഞ്ഞത്ത് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. തുറമുഖാധിഷ്ഠിത കോഴ്സുകൾ ഉൾപ്പെടെയുള്ളവയിൽ ഇവിടെ പരിശീലനം നൽകുകയും പരിശീലനം പൂർത്തീകരിക്കുന്നവർക്ക് തുറമുഖത്തിൽ തൊഴിൽ ലഭ്യമാകുന്നതാണ്. കൂടാതെ, മറ്റ് തുറമുഖങ്ങളിലും ഇവർക്ക് തൊഴിൽ തേടാവുന്നതാണ്. തുറമുഖാനുബന്ധ വികസനം സാദ്ധ്യമാകുന്നതോടെ വിവിധ വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെടുകയും ഇതിലൂടെ തൊഴിലന്വേഷകർക്ക് മുന്നിൽ പുത്തൻ വാതായനങ്ങൾ തുറക്കപ്പെടുകയും ചെയ്യും. |
| (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി ലോജിസ്റ്റിക്സ്, മിനി ലോജിസ്റ്റിക്സ് പാർക്കുകളുടെ ശൃംഖലയിലൂടെ ഒരു ലോജിസ്റ്റിക് ടൗൺഷിപ്പ് പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി ലോജിസ്റ്റിക്സ് ടൗൺഷിപ്പിന്റെ വികസനം നിലവിൽ പരിഗണിക്കുന്നില്ല. എന്നിരുന്നാലും, തുറമുഖത്തിന്റെ ലോജിസ്റ്റിക് സാധ്യതകൾ കണക്കിലെടുത്തുകൊണ്ടും ലോജിസ്റ്റിക് ഇൻഫ്രാസ്ട്രക്ചറിന്റെ അഭാവം മനസ്സിലാക്കിക്കൊണ്ടും തുറമുഖത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി നിരവധി ലോജിസ്റ്റിക്സ് ഇൻഫ്രാസ്ട്രക്ചറുകൾ സ്ഥാപിക്കുന്നതാണ്.<br><br>Multi-modal Logistics Park (MMLPs) / Inland Container Depots (ICDs), Empty Container |

| | | | |
|---|---|---|---|
| | | | Yards, Container Repair & Pre-trip Inspection Facility, Container Freight Stations (CFS) & Warehousing, Specialised Cool Chain & Cold Chain Facilities, Free Trade Warehousing Zones (FTWZ), Truck Terminals & Fuelling Stations, Customs House Agencies, Clearing & Forwarding Services മുതലായ ലോജിസ്റ്റിക് ഇൻഫ്രാസ്ട്രക്ചറുകൾ സ്ഥാപിക്കുന്നതിനായി ഭൂമി കണ്ടെത്തുന്നതിനായുള്ള നടപടികൾ VISL സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | വിഴിഞ്ഞം തുറമുഖത്തെ സിംഗപ്പൂർ, റോട്ടർഡാം, ദുബായ് തുറമുഖങ്ങളുടെ മാതൃകയിൽ വൻകിട കയറ്റിറക്കുമതി തുറമുഖമാക്കാനുള്ള നിർദേശം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | വിഴിഞ്ഞം തുറമുഖത്തെ വൻകിട കയറ്റിറക്കുമതി തുറമുഖമാക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് വലിയ തോതിലുള്ള എക്സ്-ഇം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. തുറമുഖാധിഷ്ഠിത വ്യവസായങ്ങളുടെ വികസനത്തിനായുള്ള ഒരു ചട്ടക്കൂട് അന്തിമമാക്കുന്നതിനായി ഡിമാൻഡ് അസസ്മെന്റ്, ബെഞ്ച്മാർക്കിംഗ് പഠനങ്ങൾ, സ്ഥലപരമായ നേട്ടങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനായി ഒരു കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടികൾ വിസിൽ സ്വീകരിച്ചു വരുന്നു. ഇത് എക്സ്-ഇം കാർഗോകളുടെ അളവ് വർദ്ധിപ്പിക്കും. |

സെക്ഷൻ ഓഫീസർ